ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്നാൽ തീർച്ചയായും ആലോചിക്കാം.

ശ്രീ. സി. സി. പ്രസാദ് : സാമ്പത്തികപരമായ അവശത അനുഭവിക്കുന്നവർക്ക് ഫീസ് സൗജന്യം നൽകാവുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : സാമ്പത്തികം, സാമൂഹ്യം വിദ്യാഭ്യാസം ഈ മൂന്നു കാര്യത്തിനും അവശത അനുഭവിക്കുന്നവരുടെ കാര്യം പര്യാലോചിച്ചാണ് ഫീസ് സൌജന്യം നൽകുന്നതു്.

RESERVATION OF LAND FOR BACKWARD COMMUNITIES

*688. (14) **Sri. N. P. Varghese :** Will the Hon'ble Minister for Industries be pleased to state.

(*a*) whether 500 acres of swampy forest land has been reserved for backward communities;

(*b*) has it been allotted to members of backward communities for paddy cultivation and colonisation; and

(*c*) are not members of the backward communities who profess any other religion than Hinduism entitled to get the land reserved for backward communities?

Sri. N. Kunjuraman : (*a*) About 1415 acres, distributed amongst 24 categories of people belonging to backward communities.

(*b*) Those acres were allotted for pady cultivation and not for colonisation.

(*c*) Yes.

ശ്രീ. എം. ഐ. പാപ്പം : ഈ സ്ഥലം എവിടെയാണ് റിസർവ് ചെയ്തിരിക്കുന്നതു്?

ശ്രീ എൻ. കുഞ്ഞുരാമൻ : സതേൺ ഡിസ്ട്രിക്ടിൽ കായിലോൺ, ചെങ്കോട്ട, മൂവാറ്റുപുഴ, കോട്ടയം, ഈ ഡിവിഷനുകളിലാണ്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : എത്ര വീതമാണ് കൊടുത്തിട്ടുള്ളതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതു് അറിഞ്ഞുകൂടാ.

ശ്രീ. സി. സി. പ്രസാദ് : ബാക്കി താലൂക്കുകളിലും ഭൂമി കൊടുക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഇപ്പോൾ ഇതാണ് കൊടുത്തിരിക്കുന്നതു്. ബാക്കി ഉള്ളതു് പിന്നെ ആലോചിക്കാം.

ശ്രീ. എൻ. പി. വർഗീസ് : കൺവെർട്ടസിനെ മന്നാങ്കണ്ടത്തു നിന്നും അടിച്ചിറക്കി എന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

ശ്രീ. എൻ. പി. വർഗീസ് : ഇതിനെ സംബന്ധിച്ചു് ഒരു നിശ്ചിതമായ നയം ഗവമ്മെണ്ടു് പ്രസിദ്ധീകരിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അതേപ്പറ്റി ആലോചിക്കാം.

ശ്രീ. ഏ. കെ. പാപ്പുപിള്ള : ഭൂമികിട്ടിയവർ തന്നെയാണോ ഇപ്പോൾ കൈവശം അനുഭവിക്കുന്നതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിവില്ല.

ശ്രീ. ഏ. കെ. പാപ്പുപിള്ള : അതേപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : പരാതി കിട്ടുകയാണെങ്കിൽ അന്വേഷിക്കാം.

ശ്രീ. ഏ. കെ. പാപ്പുപിള്ള : ഇതിനെക്കുറിച്ചു ഒരു പരാതി കിട്ടിയിട്ടില്ലേ?

ശ്രീ. എൻ. കുഞ്ഞുരാമൻ : കിട്ടിയതായി ഓർക്കുന്നില്ല.

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ സ്ഥലം സർവ്വെ ചെയ്തതിനു ശേഷമാണോ കൊടുത്തതു്?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവമ്മെണ്ടിൽ നിന്നും അവർക്കു് സ്ഥലം കൊടുക്കണമെന്നു് ഏർപ്പാടുചെയ്തു. സർവ്വെ ചെയ്തിട്ടാണോ കൊടുത്തതു് എന്നറിയാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പൊന്നറ ജി. ശ്രീധർ : ഈ അലോട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങൾ ഒന്നംതന്നെ സെറ്റ് ചെയ്തിട്ടില്ലെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു : അധ:കൃതർക്ക് പതിച്ചുകൊടുത്തിട്ടുള്ള ഈ സ്ഥലങ്ങൾ രാഷ്ട്രീയപ്രവർത്തകന്മാരായ ആളുകൾ അധ:കൃതരെ മുഷണംചെയ്ത് കൈവശം അനുഭവിക്കുന്നതായി അറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അറിഞ്ഞുകൂടാ.

ശ്രീ. സി. വി. ഇയ്യു : അതേപ്പറ്റി അന്വേഷിക്കാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : അന്വേഷിക്കാം.

ശ്രീ. പൊന്നറ ജി. ശ്രീധർ : പതിച്ചു കൊടുത്തു എന്നുള്ള ഇൻഫർമേഷൻ ഉണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഉണ്ട്.

സാഹിബ് ബഹദൂർ കെ. എ. മുഹമ്മദ് : ഈ സ്ഥലങ്ങൾ ബാക്ക് വേർഡ് കമ്മ്യൂണിറ്റിസിനു തന്നെയാണോകിട്ടിയതു?

Mr. Speaker : You must be satisfied with the answer.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: മന്നാൻകണ്ടത്തു് പിന്നോക്കസമുദായക്കാർക്കു വേണ്ടി മുഴിച്ചിടപ്പെട്ടിരിക്കുന്ന സ്ഥലം അന്യ ആളുകൾ കൈവശപ്പെടുത്തിയതായി പരാതികൾ ലഭിച്ചിട്ടുണ്ടോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: ഇല്ലെന്നു പറഞ്ഞു കഴിഞ്ഞു. ഇതിനെപ്പറ്റി കൂടുതൽ അന്വേഷിക്കാം. മറ്റനടപടികൾ സ്വീകരിക്കാം.

വധശിക്ഷ

*നൂറുൻ. (ഫ്ര) ശ്രീ. വി. കെ. വേലായുധൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തു വധശിക്ഷ നടപ്പാക്കുന്നതിനു് ആലോചനയുണ്ടോ;

(ബി) ഇല്ലെങ്കിൽ അതേപ്പറ്റി ആലോചിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള :

(എ) ഇപ്പോഴില്ല.

(ബി) ആലോചിക്കാം.

ശ്രീ. വി. കെ. വേലായുധൻ : ഇൻഡ്യാഗവൺമെണ്ടിന്റെ ഇതുസംബന്ധിച്ചുള്ള നിയമം എന്താണെന്നു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു ബഹുമാനപ്പെട്ട മെമ്പർക്കുതന്നെ അറിയാവുന്നതാണല്ലോ.

ശ്രീ. വി. കെ. വേലായുധൻ : വധശിക്ഷ നിറുത്തിയതിനുശേഷം അത്തരം കുറ്റങ്ങൾ കൂടിവരികയാണെന്നറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതിന്റെ സ്ഥിതിവിവരക്കണക്കുകൾ ഗവൺമെണ്ടിനു കിട്ടിയിട്ടില്ല.

ശ്രീ. വി. കെ. വേലായുധൻ : അതിനെപ്പറ്റി ഗവൺമെണ്ടു് അന്വേഷിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അന്വേഷിക്കേണ്ടതാണെന്നു തോന്നുന്നപക്ഷം അന്വേഷിക്കാം.

ശ്രീ. സി. സി. പ്രസാദ് : വധശിക്ഷ ഇവിടത്തേക്കു ബാധകമല്ലാത്തരത്തിൽ തീരുമാനിക്കുന്നതിനു് ആലോചിക്കുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു വളരെ സംശയമുള്ള കാര്യമാണു്.

LIBRARY ARCHIVES Kerala Legislative Assembly